പട്ടികജാതി ജനവിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ

289 (987) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ നൽകിവരുന്ന വിവിധ സേവനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള ക്ഷേമപദ്ധതികൾ ലാപ്സാകാതെ നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(സി) പട്ടികജാതി ജനവിഭാഗങ്ങളുടെ വിവിധ ക്ഷേമപദ്ധതികൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സർക്കാർ നൽകി വരുന്ന വിവിധ സേവനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി ഉത്തരവ് ആവശ്യമുള്ള പദ്ധതികൾക്ക് അത് യഥാസമയം പുറപ്പെടുവിക്കുകയും, വ്യക്തിഗത ആനുകൂല്യങ്ങൾ ആവശ്യകത അനുസരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി വിതരണം ചെയ്യുകയും ചെയ്യുന്നു. ഫണ്ടിന്റെ കുറവുണ്ടെങ്കിൽ ആയതും യഥാസമയം പരിഹരിച്ച് നൽകുന്നു. പ്രസ്തുത ക്ഷേമ പദ്ധതികൾക്കുള്ള തുക ലാപ്സാകാതെ സമയബന്ധിതമായി നടപ്പാക്കി വരുന്നു.

(സി) പട്ടികജാതി ജനവിഭാഗങ്ങൾക്കുള്ള വിവിധ ക്ഷേമ പദ്ധതികൾ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നുണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളുന്നതിന് പദ്ധതി

290 (988) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ വായ്പാകുടിശ്ശികമൂലം പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly